REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-05-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആറാം ഘട്ട വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിയ്ക്കും. ആറ് സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളാണ് ഇന്ന് വിധി എഴുതുന്നത്.
- അടുത്ത ശനിയാഴ്ച്ച നടക്കുന്ന ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം കൂടുതൽ ഊർജിതമായി.
- സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- തദ്ദേശ ഭരണതിരഞ്ഞെടുപ്പിനു വോട്ടർപട്ടികയുടെ കരട് അടുത്ത മാസം 6ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.
- ചാലക്കുടി മുതൽ ആലുവ വരെ ഭാഗത്ത് ട്രാഫിക് സിഗ്നലുകളുടെ എണ്ണം കുറയ്ക്കുമെന്ന് മന്ത്രി K.B ഗണേഷ്കുമാർ.
- IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് ഫൈനലിൽ.

## വാർത്തകൾ വിശദമായി

**ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആറാം ഘട്ട വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിയ്ക്കും. ആറ്**

സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളാണ് ഇന്ന് പോളിംഗ് ബൂത്തിൽ എത്തുന്നത്.

ഡസ്ക്ക് റിപ്പോർട്ട്

വോയ്സ്

ഉത്തർ പ്രദേശിലെ 14-ഉം, ഹരിയാനയിലെ പത്തും, ബീഹാറിലെയും പശ്ചിമ ബംഗാളിലെയും എട്ട് വീതവും ഡൽഹിയിലെ ഏഴും, ഒഡീഷയിലെ ആറും ജാർഖണ്ഡിലെ നാലും, ജമ്മുകശ്മീരിലെ ഒന്നും മണ്ഡലങ്ങളിലാണ് ഇന്ന് വിധിയെഴുത്ത്.

ബിജെപി നേതാക്കളായ ധർമേന്ദ്ര പ്രധാൻ, മനേക ഗാന്ധി, മനോഹർ ലാൽ ഖട്ടർ, സംബിത് പത്ര, മനോജ് തിവാരി, കോൺഗ്രസ് നേതാക്കളായ ദീപേന്ദർ സിംഗ് ഹൂഡ, കുമാരി സെൽജ, രാജ് ബബ്ബർ, കനയ്യ കുമാർ, സമാജ്‌വാദി പാർട്ടി നേതാവ് ധർമേന്ദ്ര യാദവ് പിഡിപി അധ്യക്ഷ മെഹബൂബ മുഫ്തി എന്നിവരാണ് ഇന്ന് ജനവിധി തേടുന്നവരിൽ പ്രമുഖർ.

11 കോടി 13 ലക്ഷത്തിലധികം വോട്ടർമാർ ഈ ഘട്ടത്തിൽ വിധിയെഴുതും.

ഒഡീഷ നിയമസഭയിലേക്ക് മൂന്നാം ഘട്ടത്തിൽ 42 മണ്ഡലങ്ങൾ ഇന്ന് ബൂത്തിലെത്തും. ശേഷിക്കുന്ന 42 മണ്ഡലങ്ങളിൽ നാലാമത്തെയും അവസാനത്തെയും ഘട്ടത്തിൽ അടുത്ത ശനിയാഴ്ച്ചയാണ് വോട്ടെടുപ്പ്.

✪✪✪

അടുത്ത ശനിയാഴ്ച നടക്കുന്ന ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം കൂടുതൽ ഊർജിതമായി. പ്രചാരണം അവസാനിയ്ക്കാൻ ആറ് ദിവസം മാത്രം ബാക്കി നിൽക്കെ ദേശീയ- സംസ്ഥാന നേതാക്കളും സ്ഥാനാർത്ഥികളും മണ്ഡലങ്ങളിൽ എല്ലായിടത്തും എത്തുന്നുണ്ട്.

ഏഴ് സംസ്ഥാനങ്ങളിലും, ഛണ്ഡിഗഢിലുമായി 57 സീറ്റുകളിൽ ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നതോടെ 18-ാം ലോക്സഭാ തിരഞ്ഞെടുപ്പ് പൂർത്തിയാകും.

ജനവിധി ജൂൺ നാലിന് അറിയാം.

✪✪✪

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദ്ദം റെമാൽ ചുഴലിക്കാറ്റായി രൂപം പ്രാപിച്ച് മണിക്കൂറിൽ എട്ടു കിലോമീറ്റർ വേഗത്തിൽ വടക്ക് കിഴക്കൻ ദിശയിലേക്ക് നീങ്ങിയതായി കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചുഴലിക്കാറ്റ് വീണ്ടും വടക്കോട്ടു നീങ്ങി ഇന്ന് വൈകുന്നേരത്തോടെ അതിതീവ്ര ചുഴലിയായി മാറി നാളെ രാവിലെയോടെ ബംഗ്ളാദേശ് - സമീപ പശ്ചിമബംഗാൾ തീരത്ത് സാഗർ ദ്വീപിനും ഖേപ്പുപാറയ്ക്കും ഇടയിൽ കരയിൽ കടക്കാനാണ് സാധ്യത. ചുഴലിക്കാറ്റിന് മണിക്കൂറിൽ 100 മുതൽ 130 കിലോമീറ്റർ വരെ വേഗം കണക്കാക്കുന്നു.

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദത്തിന്റെയും ചുഴലിക്കാറ്റിന്റെയും പശ്ചാത്തലത്തിൽ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 55

കിലോമീറ്റർ വരെ വേഗത്തിൽ കാറ്റു വീശാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

അറബിക്കടലിലെ ന്യൂനമർദ്ദം ചക്രവാതച്ചുഴിയായി മാറി ദുർബലമായതോടെ സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ ചൊവ്വാഴ്ച വരെ തുടരാനാണ് സാധ്യത. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി.

✪✪✪

കല്ലാർകുട്ടി, പാംബ്ള ഡാമുകളുടെ ഷട്ടറുകൾ ഇന്ന് രാവിലെ ആറുമണി മുതൽ ആവശ്യാനുസരണം ഉയർത്തുമെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചു.

ഡാമിൻറെ വൃഷ്ടി പ്രദേശങ്ങളിലെ തുടർച്ചയായ മഴയിൽ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് തീരുമാനം. പാബ്ള ഡാമിൽ നിന്ന് 600 ക്യുമെക്സ് വെള്ളവും, കല്ലാർകുട്ടിയിൽ നിന്ന് 300 ക്യുമെക്സ് വെള്ളവുമാണ് പുറത്തേക്ക് ഒഴുക്കുന്നത്. മുതിരപ്പുഴയാർ, പെരിയാർ നദികളുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

കനത്ത മഴയെത്തുടർന്ന് താനൂരിലെ മുക്കോല, കളരിപ്പടി തുടങ്ങിയ സ്ഥലങ്ങളിൽ വീടുകളിൽ വെള്ളം കയറി. 50-ഓളം വീട്ടുകാർ ബന്ധുവീടുകളിലേക്ക് താമസം മാറ്റി.

✪✪✪

പത്തനംതിട്ട ജില്ലയിൽ ഇന്നും മലരോര മേഖലയിലടക്കം മഴ തുടരുകയാണ്. പല സ്ഥലങ്ങളിലും മണിക്കൂറുകൾ നീണ്ട ശക്തമായ മഴയാണ് ലഭിക്കുന്നത്. പമ്പ, അച്ചൻകോവിൽ, മണിമല എന്നീ പ്രധാനനദികളിലെല്ലാം ജലനിരപ്പ് ഉയർന്നു.

✪✪✪

ലക്ഷദ്വീപിൽ ഒരാഴ്ച്ചയായി ശക്തമായ കാറ്റും ഇടി മിന്നലോടും കുടിയ മഴ തുടരുകയാണ്. കടൽ പ്രക്ഷുബ്ദ്ധമായതോടെ ദ്വീപുകൾക്കിടയിൽ സർവ്വീസുകൾ നടത്തുന്ന കപ്പലുകളിൽ ചിലത് വൈകിയാണ് ഓടുന്നത്.

✪✪✪

കോഴിക്കോട് മാത്തോട്ടം മുണ്ടകൻ കനാലിൽ ഒഴുക്കിൽപ്പെട്ട വയോധികയുടെ മൃതദേഹം കണ്ടെത്തി. അരക്കിണർ സ്വദേശി രാധയാണ് മരിച്ചത്.

✪✪✪

കോഴിക്കോട് ആഴ്ചവട്ടം ശിവക്ഷേത്രക്കുളത്തിൽ സുഹൃത്തുക്കൾക്കൊപ്പം കുളിക്കാനിറങ്ങിയ വിദ്യാർത്ഥി മുങ്ങി മരിച്ചു. സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥി സഞ്ജയ്കൃഷ്ണയാണ് മരിച്ചത്.

✪✪✪

കാലവർഷത്തിനു മുമ്പ് തന്നെ മഴ കനത്ത സാഹചര്യത്തിൽ ലയങ്ങളുടെ ശോച്യാവസ്ഥ അടയന്തരമായി പരിഹരിക്കണമെന്നും വീഴ്ചവരുത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ അടക്കം കർശന നടപടി സ്വീകരിക്കുമെന്നും ലേബർ കമ്മിഷണർ അർജുൻ പാണ്ഡ്യൻ അറിയിച്ചു. തോട്ടം തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് വകുപ്പ് നടത്തിവരുന്ന പരിശോധനകളുടെ അവലോകന യോഗത്തിലാണ് ലേബർ കമ്മിഷണർ ഇക്കാര്യം അറിയിച്ചത്. സംസ്ഥാനത്ത് ഇതിനോടകം അമ്പത്തിയെട്ട് എസ്റ്റേറ്റുകളിൽ പരിശോധന പൂർത്തിയാക്കി. ഇതിൽ 55 എണ്ണത്തിലും ലയങ്ങളുടെ ശോച്യാവസ്ഥ, കുടിവെള്ള പ്രശ്നം, ചികിത്സാസൗകര്യങ്ങളുടെ കുറവ്, മറ്റു തൊഴിൽ നിയമലംഘനങ്ങൾ എന്നിവ കണ്ടെത്തിയതായി ലേബർ കമ്മിഷണർ അറിയിച്ചു. ഗുരുതര പ്രശ്നങ്ങൾ കണ്ടെത്തിയ സ്ഥലങ്ങളിൽ അടിയന്തരയോഗം ചേർന്ന് നടപടി സ്വീകരിക്കുന്നതിന് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയതായും ലേബർ കമ്മിഷണർ പറഞ്ഞു.

⭘⭘⭘

ഭരണഘടനയുടെ അന്തസത്ത മനസിലാക്കുകയെന്നതും ജനങ്ങൾക്കാകെ അതു മനസിലാക്കിക്കൊടുക്കുകയെന്നതും ഇന്നു വളരെ പ്രധാനമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിലേക്കു രാജ്യത്തെ നയിക്കാൻ ഇതു ചെയ്തേ മതിയാകൂ വെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മന്ത്രി പി. രാജീവ് രചിച്ച

പുസ്തകം തിരുവനന്തപുരത്ത് പ്രകാശനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഭരണഘടന വായിച്ചിരിക്കുക എന്നതുപോലെ അതിലെ അടിസ്ഥാന സങ്കൽപ്പങ്ങൾ പരിചയപ്പെട്ടിരിക്കുക എന്നതും ഓരോ പൗരനും ഏറ്റെടുക്കേണ്ട ഉത്തരവാദിത്തമാണെന്നു മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തദ്ദേശ ഭരണതിരഞ്ഞെടുപ്പിനു വോട്ടർപട്ടികയുടെ കരട് അടുത്ത മാസം 6ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു.

വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യാനായി വിളിച്ചു ചേർത്ത യോഗത്തിൽ ജില്ലാ കളക്ടർമാരോട് സംസാരിക്കുകയായിരുന്നു കമ്മീഷണർ. ജൂലൈ 1ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. ജനുവരി ഒന്ന് യോഗ്യതാ തീയതിയായി നിശ്ചയിച്ചാണ് വോട്ടർപട്ടിക പുതുക്കുക. ഇനി നടക്കുന്ന തദ്ദേശ ഭരണ ഉപതിരഞ്ഞെടുപ്പുകൾ പുതുക്കിയ വോട്ടർപട്ടിക പ്രകാരമായിരിക്കും നടക്കുകയെന്നും സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

✪✪✪

ആന്ധ്രാപ്രദേശ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നീലം സാഹ്നി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാനുമായി തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തി.

ഇരു സംസ്ഥാനങ്ങളിലെയും തദ്ദേശ ഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ്, വോട്ടർപട്ടിക, വാർഡ് വിഭജനം, ഡീലിമിറ്റേഷൻ കമ്മീഷൻ തുടങ്ങിയവ സംബന്ധിച്ച് കമ്മീഷണർമാർ വിവരങ്ങൾ പങ്കുവെച്ചു.

***

ചാലക്കുടി മുതൽ ആലുവ വരെ ഭാഗത്ത് ട്രാഫിക് സിഗ്നലുകളുടെ എണ്ണം കുറയ്ക്കുമെന്ന് മന്ത്രി K.B ഗണേഷ്കുമാർ പറഞ്ഞു. ഈ മേഖലയിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്ക് പരിശോധിച്ച ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

ബസ് സ്റ്റാൻഡിൽ ബസ് പാർക്ക് ചെയ്യുമ്പോൾ നാശനഷ്ടം ഉണ്ടാക്കുന്ന ഡ്രൈവർമാരിൽ നിന്ന് പിഴ ഈടാക്കും. KSRTC-യുടെ അഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഡ്രൈവിംഗ് സ്കൂൾ അടുത്തമാസം 6 ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

***

തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ന്യൂറോളജി വിഭാഗത്തിന് കീഴിൽ ന്യൂറോ ഇന്റർവെൻഷൻ സംവിധാനം സജ്ജമായതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. രാജ്യത്ത് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ന്യൂറോളജി വിഭാഗത്തിന് കീഴിൽ ന്യൂറോ ഇന്റർവെൻഷൻ സംവിധാനം സജ്ജമാക്കിയതെങ്ങ് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

തലച്ചോറ്, നട്ടെല്ല്, കഴുത്ത് എന്നീ ശരീര ഭാഗങ്ങളിലെ പ്രധാന രക്തക്കുഴലുകളിലെ രോഗാവസ്ഥ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ഉപയോഗിക്കുന്ന സംവിധാനമാണ് ന്യൂറോ ഇന്റർവെൻഷൻ.

ശസ്ത്രക്രിയയ്ക്ക് പകരം ഉപയോഗിക്കാവുന്ന ചികിത്സാ സംവിധാനമാണിത്.

✪✪✪

ഈ വർഷത്തെ കൊച്ചിയിലെ ഹജ്ജ് ക്യാമ്പിന്റെ ഉദ്ഘാടനം വൈകിട്ട് നെടുമ്പാശേരി വിമാനത്താവളത്തിലെ ഹജ്ജ് കേന്ദ്രത്തിൽ നടക്കും. മന്ത്രിമാരായ വി. അബ്ദുറഹ്മാൻ, പി. രാജീവ്, പ്രതിപക്ഷ നേതാവ് V.D സതീശൻ തുടങ്ങിയവർ പങ്കെടുക്കും.

നാളെ സൗദി എയർലൈൻസിന്റെ ആദ്യ വിമാനം ഉച്ചയ്ക്ക് 279 ഹാജിമാരുമായി ജിദ്ദയിലേക്ക് പുറപ്പെടും.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് രാവിലെ നടക്കും. വ്യോമസേന മേധാവി എയർ ചീഫ് മാർഷൽ വിവേക് റാം ചൗധരി പരേഡിൽ മുഖ്യാതിഥിയായി പങ്കെടുത്ത് അഭിവാദ്യം സ്വീകരിക്കും.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ അപേക്ഷാ സമർപ്പണത്തിന്റെ അവസാനതിയ്യതി ഇന്ന്. വൈകീട്ട് 5 മണിവരെ

ഓൺലൈനായി അപേക്ഷിക്കാം. ബുധനാഴ്ചയാണ് ട്രയൽ അലോട്ട്മെന്റ്.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് ഫൈനലിൽ. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ നടന്ന രണ്ടാം ക്വാളിഫയർ മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ 36 റൺസിന് പരാജയപ്പെടുത്തിയാണ് ഹൈദരാബാദ് ഫൈനലിൽ എത്തിയത്.

ഹൈദരാബാദ് ഉയർത്തിയ 176 റൺസ് വിജയലക്ഷ്യം പിന്തുടർന്ന രാജസ്ഥാൻ റോയൽസിന് നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 139 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

നാളെ ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ നടക്കുന്ന ഫൈനലിൽ സൺറൈസേഴ്സ് ഹൈദരാബാദ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

✪✪✪

അവയവ വില്പനയ്ക്കായി ഇറാനിലേക്ക് ആളുകളെ കടത്തിയ സംഭവത്തിൽ എടത്തല സ്വദേശി സജിത്ത് ശ്യാമിനെ പോലീസ് അറസ്റ്റ് ചെയ്തു. മുൻപ് അറസ്റ്റിലായ സാബിത്ത് നാസർ എന്ന ആളെ ചോദ്യം ചെയ്തതിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇയാളുടെ അറസ്റ്റ്.

✪✪✪

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ സഞ്ചരിക്കുന്ന റേഷൻകട പരിഗണിക്കുമെന്ന് ഭക്ഷ്യസുരക്ഷാ കമ്മിഷൻ അറിയിച്ചു. ഫാമിൽ നടത്തിയ സിറ്റിങ്ങിലാണ് ഇക്കാര്യം അറിയിച്ചത്.

ഗർഭിണികളായ അമ്മമാർക്ക് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പ്രതിമാസം അനുവദിക്കുന്ന സഹായധനം പലർക്കും കിട്ടിയില്ലെന്ന് കമ്മിഷൻ കണ്ടെത്തി.

✪✪✪

അനധികൃതമായി കുന്നിടിച്ചത് കാരണം കോഴിക്കോട് മുക്കം മണാശ്ശേരി മുത്താലം മേട പറ്റം കുന്നിൻ ചെരിവിൽ താമസിക്കുന്ന നൂറോളം പേരുടെ ജീവൻ അപകടത്തിലായ സാഹചര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദേശം നൽകി.

ജില്ലാ കലക്ടർക്കൊപ്പം മുക്കം നഗരസഭാ സെക്രട്ടറിയും വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ച ശേഷം ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജുനാഥ് ആവശ്യപ്പെട്ടു.

അടുത്ത മാസം 25 ന് കോഴിക്കോട് നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪